# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2426

12.06.2018 ൽ മറുപടിക്ക്

### ലൈഫ് സയൻസ് പാർക്കിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;വ്യക്തമാക്കാമോ ; | (എ) | കെ എസ് ഐ ഡി സി തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ പുരോഗമിക്കുകയാണ്. പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ എസ് ഐ ഡി സി യ്ക്ക് ലഭ്യമായ തുടർച്ചയായ 23 ഏക്കർ ഭൂമിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ റോഡ്, ഡ്രെയിനേജ് സംവിധാനം, മഴവെള്ള സംഭരണി എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി , ജലം എന്നിവ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് കേരള വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരുന്ന് ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു കമ്പനി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളാ വെറ്ററിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റി യുടെ റിസർച്ച് കം ലേണിംഗ് സെന്റർ ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ, ഏകദേശം 3 ലക്ഷം ചതുരശ്ര അടി വരുന്ന ഇന്നവേഷൻ കം ഇൻക്യുബേഷൻ സെന്ററിന്റെ നിർമ്മാണവും ആരംഭിക്കുന്നുണ്ട്. കെ. എസ്. ഐ . ഡി. സി യും ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | സയൻസ് & ടെക്നോളജിയും ചേർന്ന് ജോയിന്റ് വെന്ച്ചർ പ്രോജക്ടായ മെഡിക്കൽ ഡിവൈസസ് പാർക്ക്, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി & എൻവയോൺമെന്റുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018-19 ൽ തന്നെ ആരംഭിക്കുന്നതാണ്. |
| (ബി) | ലൈഫ് സയൻസ് പാർക്കിനായി സ്ഥലം വിട്ടു നൽകിയവർക്ക് നൽകാനുള്ള തുക നൽകിയോ; വിശദമാക്കാമോ ; | (ബി) | ലൈഫ് സയൻസ് പാർക്കിനുവേണ്ടി ഒന്നാംഘട്ടത്തിൽ 75 ഏക്കറിൽ 70 ഏക്കറോളം ഭൂമി കൈവശമെടുക്കുകയും സ്ഥലം വിട്ടുനൽകിയവർക്ക് സ്ഥലത്തിന്റെ വില നൽകുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ ഏകദേശം 86 ഏക്കറോളം ഭൂമി കെ എസ് ഐ ഡി സി യ്ക്ക് നവംബർ 2017 ൽ കൈമാറുകയും ഏറ്റെടുത്ത പ്രസ്തുത ഭൂമി വിട്ടുനൽകിയവർക്ക് സ്ഥലത്തിന്റെ വില ട്രഷറിയിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിക്കുമ്പോൾ എത്ര പേർക്ക് തൊഴിൽ നല്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ ? | (സി) | കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാവുമ്പോ ഴേയ്ക്കും ഉദ്ദേശം 3000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

Bindu.T

**സെക്ഷൻ ഓഫീസർ**